# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 5

# വാർത്താക്കുറിപ്പ്

---

## ഇന്നത്തെ (6 – 8 – 2021) പരീക്ഷ മാറ്റി

ഇന്ന് (ആഗസ്റ്റ് 6) നടത്താൻ നിശ്ചയിച്ചിരുന്ന എം.എസ്. സി. മാത്തമറ്റിക്സിൻ്റെ സ്പെക്ട്രൽ തിയറി പരീക്ഷ മാറ്റി. പുതുക്കിയ തീയതി ആഗസ്റ്റ് 11. സമയക്രമത്തിൽ മാറ്റമില്ല .

(പി.ആർ.ഒ/39/734/2021)

## പുനഃപരീക്ഷ

2021 ജൂലൈ അഞ്ചിന് നടത്തിയതും റദ്ദാക്കിയതുമായ മൂന്നാം സെമസ്റ്റർ ബി.വോക് അഗ്രികൾച്ചർ ടെക്നോളജി പ്രോ ഗ്രാം - പ്ലാന്റ് ഫിസിയോളജി - പുനഃപരീക്ഷ ഓഗസ്റ്റ് ഒൻപതിന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല

(പി.ആർ.ഒ/39/735/2021)

## പുതുക്കിയ പരീക്ഷ തീയതി

ജൂലൈ ഏഴിന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ ബി.വോക് - ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് ഇൻ ക്രോപ്സ് - പരീക്ഷ ഓഗസ്റ്റ് 11ന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/736/2021)

## അപേക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നുമുതൽ അഞ്ചുവരെ വർഷ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം - ഓണേഴ്സ് - 2006 അഡ്മിഷൻ മുതൽ മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ഓഗസ്റ്റ് 16 വരെയും 525 രൂപ പിഴയോടെ ഓഗസ്റ്റ് 17 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് 18 വരെയും അപേക്ഷിക്കാം. രണ്ടാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 7350 രൂപ സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/737/2021)

## പ്രോഗ്രാമർ – കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ മൂക്-ഓർഗാനിക് ഫാമിംഗ് കോഴ്സുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രോഗ്രാമറുടെ (സോഫ്റ്റ്‌വെയർ ഡെവലപ്പർ) ഒരു ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 30000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/738/2021)

## സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

2020-21 അഡ്മിഷൻ - ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെ യോഗ്യത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി ഇനിയും സർവകലാശാലയിൽ സമർപ്പിക്കാത്ത അഫിലിയേറ്റഡ് കോളേജുകൾ ഓഗസ്റ്റ് 13നകം സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം.

(പി.ആർ.ഒ/39/739/2021)

## ബിരുദ ഏകജാലക പ്രവേശനം: സ്പോർട്സ്/ കൾച്ചറൽ ക്വാട്ടാ പ്രവേശനം

എം.ജി സർവ്വകലാശാല ബിരുദ ഏകജാലക പ്രവേശനത്തിന് സ്‌പോർട്സ് - കൾച്ചറൽ ക്വാട്ടയിലും ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലും പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഓഗസ്റ്റ് ഒൻപതുവരെ അപേക്ഷിക്കാം. ഓൺലൈനായി വേണം അപേക്ഷിക്കാൻ. ഇതിനായി ആദ്യം ഏകജാലകത്തിലൂടെ അപേക്ഷ സബ്മിറ്റ് ചെയ്യണം. തുടർന്ന് ഓൺലൈൻ അപേക്ഷയിലെ 'മൈ മെസേജസ്'ൽ ലഭിക്കുന്ന 'ക്ലിക്ക് ഹിയർ ടു അപ്ലൈ ഫോർ സ്‌പോർട്സ്/ കൾച്ചറൽ/ പി.ഡി. ക്വാട്ട' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങളും ഓപ്ഷനുകളും നൽകണം.

ഓൺലൈൻ രജിസ്‌ട്രേഷൻ സമയത്ത് തെറ്റുകൾ വരാതിരിക്കുവാൻ ശ്രദ്ധിക്കണം. പ്രാഥമിക രജിസ്‌ട്രേഷൻ പേജിലെ പേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, സംവരണ വിഭാഗം, പരീക്ഷ ബോർഡ്, രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവയിൽ മാറ്റം വരുത്താൻ സാധിക്കില്ല. അതിനാൽ പ്രാഥമിക രജിസ്‌ട്രേഷൻ പേജിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തണം.

ഫീസടയ്ക്കുന്നതിൽ തകരാറുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷയിലെ 'മൈ അക്കൗണ്ട്' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് 'ചെക്ക് യുവർ പേയ്‌മെന്റ്' എന്ന ഓപ്ഷൻ ഉപയോഗിച്ച് പേയ്‌മെന്റ് സ്റ്റാറ്റസ് അപ്‌ഡേറ്റ് ചെയ്യാം. ഇതിനുശേഷവും പേയ്‌മെന്റ് സ്റ്റാറ്റസ് ഫെയിൽഡ് കാണിക്കുകയാണെങ്കിൽ മാത്രം ഫീസടയ്ക്കുവാൻ ശ്രമിക്കണം.

അപേക്ഷകൾ ഫൈനൽ സബ്മിറ്റ് ചെയ്ത അപേക്ഷകർക്ക് തങ്ങളുടെ അപേക്ഷയിലെ വിവരങ്ങൾ തിരുത്തുന്നതിനും ഓപ്ഷനുകൾ പുതുതായി നൽകുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ട്രയൽ അലോട്‌മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ഓഗസ്റ്റ് 18 മുതൽ 24 വരെ ലഭിക്കും.

(പി.ആർ.ഒ/39/740/2021)

## പൂർവവിദ്യാർഥി സംഗമം

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിലെ പൂർവവിദ്യാർഥി സംഗമം ആഗസ്റ്റ് 7ന് നടത്തുന്നു. വൈകീട്ട് ആറുമണിക്ക് ഓൺലൈനായാണ് സമ്മേളനം നടത്തുക. ഇതിനായി സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിൽ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾ കോഴ്‌സും, വർഷവും, വാട്സ് ആപ്പ് നമ്പരും 8156835421 എന്ന നമ്പറിൽ അയയ്ക്കണം.

(പി.ആർ.ഒ/39/741/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ